ഉത്തരം

(എ)&(ബി) ചില പരാതികൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(സി) ഇപ്പോൾ ഗവൺമെന്റ് നൽകിയിട്ടുള്ള മാർഗ്ഗ നിർദ്ദേശങ്ങൾ അനുസരിച്ചു കൃത്യമായ വരുമാനം കാണിക്കുന്ന സർട്ടിഫിക്കറ്റുകൾ നൽകുന്നതിന് നിർദ്ദേശം നൽകിയിട്ടുണ്ട്.

76 (578) "മലപ്പുറം ജില്ലയിലെ വരൾച്ചാ ദുരിതാശ്വാസ പ്രവർത്തനങ്ങൾ"

ശ്രീ. ഇസ്ഹാക് കുരിക്കൾ :

ശ്രീ. പി.കെ. അബ്ദുറബ്ബ് :

ശ്രീ. ഇ.ടി. മുഹമ്മദ് ബഷീർ :താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലപ്പുറം ജില്ലയിൽ വരൾച്ചാ ദുരിതാശ്വാസത്തിനായി 1998, 1999 എന്നീ വർഷങ്ങളിൽ എത്ര രൂപ വീതം അനുവദിക്കുകയുണ്ടായി;

(ബി) ഇതിൽ എന്തു തുക വീതം ചെലവാക്കി;

(സി) തുക മുഴുവനും വിനിയോഗിച്ചില്ലെങ്കിൽ അതിന്റെ കാരണം വിശദീകരിക്കുമോ?

ഉത്തരം

(എ) മലപ്പുറം ജില്ലയിൽ വരൾച്ചാ ദുരിതാശ്വാസത്തിനായി 1998-ൽ 45 ലക്ഷം രൂപയും, 1999-ൽ 25 ലക്ഷം രൂപയും അനുവദിക്കുകയുണ്ടായി.

(ബി) 1998-ൽ 32,67,066/-രൂപയും 1999-ൽ 66,587/-രൂപയും ചെലവാക്കുകയുണ്ടായി.

(സി) ചില ഗ്രാമപഞ്ചായത്തുകളും മുനിസിപ്പാലിറ്റികളും പണി പൂർത്തീകരിച്ച സർട്ടിഫിക്കറ്റ് നൽകാത്തതിനാലാണ് തുക മുഴുവനും വിനിയോഗിക്കാൻ സാധിക്കാത്തത്.

77 (579) "കാലവർഷക്കെടുതി"

ശ്രീ ടി.എം. ജേക്കബ് :

ശ്രീ. ജോണി നെല്ലൂർ :

ശ്രീ. കെ. കുട്ടി അഹമ്മദ്കുട്ടി : താഴെകാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാലവർഷക്കെടുതി മൂലം ഈ വർഷം ഉണ്ടായ നഷ്ടം എത്രയാണ്;

(ബി) നഷ്ടപരിഹാരത്തിനായി ഇതുവരെ സംസ്ഥാന ഗവൺമെന്റ് ചെലവഴിച്ച തുക എത്ര; ഇനം തിരിച്ചുള്ള കണക്ക് വ്യക്തമാക്കുമോ;

(സി) കേന്ദ്ര ഗവൺമെന്റിൽ നിന്നും സാമ്പത്തികസഹായം ആവശ്യപ്പെട്ടിട്ടുണ്ടോ;

(ഡി) കാലവർഷക്കെടുതിയെത്തുടർന്ന് എത്ര ആളുകൾ മരിച്ചു; എത്ര പേർക്ക് പരിക്കുപറ്റി;

(ഇ) അവരുടെ കുടുംബങ്ങൾക്ക് സാമ്പത്തിക സഹായമായി എന്ത് തുക നൽകിയിട്ടുണ്ട് എന്ന് വ്യക്തമാക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) വീട് നശിച്ചതുമൂലവും കൃഷിനശിച്ചതുമൂലവും ഉണ്ടായ ആകെ നഷ്ടം 30.65 കോടി രൂപയാണ്.

(ബി) പ്രകൃതിക്ഷോഭം മൂലം ദുരിതമനുഭവിക്കുന്നവർക്ക് ആഹാരവും, വസ്ത്രവും നൽകുന്നതിന് 5 ലക്ഷം രൂപ വീതവും കുടുംബങ്ങളെ മാറ്റിപ്പാർപ്പിക്കുന്നതിന് രണ്ട് ലക്ഷം രൂപ വീതവും മരണമടയുന്നവരുടെ കുടുംബങ്ങൾക്ക് നൽകുന്നതിനായി രണ്ടു ലക്ഷം രൂപ വീതവും വീടുകളുടെ പുനർനിർമ്മാണത്തിനും റിപ്പയറിംഗിനുമായി 15 ലക്ഷം രൂപ വീതവും പരിക്ക് പറ്റിയവർക്ക് ധനസഹായം നൽകുന്നതിനായി ഓരോ ലക്ഷം രൂപ വീതവും എല്ലാ ജില്ലാ കളക്ടർമാർക്കും നൽകിയിട്ടുണ്ട്. കൂടാതെ തിരുവനന്തപുരം, കൊല്ലം, ആലപ്പുഴ, പത്തനംതിട്ട, കോട്ടയം എന്നീ ജില്ലകൾക്കായി, ദുരിതമനുഭവിക്കുന്നവർക്ക് ആഹാരവും വസ്ത്രവും നൽകുന്നതിനായി 15 ലക്ഷം രൂപാ വീതവും മരണമടയുന്നവരുടെ കുടുംബങ്ങൾക്ക് ധനസഹായം നൽകുന്നതിനായി 3 ലക്ഷം രൂപ വീതവും, മാറ്റി പാർപ്പിക്കലിനായി 10 ലക്ഷം രൂപ വീതവും, വീട് റിപ്പയറിംഗിനും പുനർനിർമ്മാണത്തിനുമായി 15 ലക്ഷം രൂപ വീതവും പരിക്കേറ്റവർക്ക് ധനസഹായം നൽകുന്നതിനായി രണ്ടു ലക്ഷം രൂപ വീതവും മറ്റിനങ്ങൾക്കായി 5 ലക്ഷം രൂപ വീതവും തിരുവനന്തപുരം, കൊല്ലം, ആലപ്പുഴ, പത്തനംതിട്ട, കോട്ടയം ജില്ലകളിലെ കളക്ടർമാർക്ക് നൽകിയിട്ടുണ്ട്. ഇതിനുപുറമെ കൃഷിനാശത്തിനു കൃഷിക്കാർക്ക് സമാശ്വാസമായി നൽകുന്നതിന് 2 കോടി രൂപയും അനുവദിച്ചിട്ടുണ്ട്.

(സി) ഇല്ല.

(ഡി) 39 പേർ മരിച്ചു. 53 പേർക്ക് പരിക്കു പറ്റി

(ഇ) മരിച്ചവരുടെ കുടുംബങ്ങൾക്ക് ധനസഹായമായും, അടിയന്തിര ധനസഹായമായും ആകെ 7.17 ലക്ഷം രൂപയും വിതരണം ചെയ്തിട്ടുണ്ട്.

78 (580) കാലവർഷംമൂലം കണ്ണൂർ ജില്ലയിൽ ഉണ്ടായ നഷ്ടം

ശ്രീ. എം.വി. ജയരാജൻ : താഴെകാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 1999 മേയ്-ജൂൺ മാസങ്ങളിലെ കാലവർഷത്തിൽ കണ്ണൂർ ജില്ലയിൽ എന്തെല്ലാം നാശനഷ്ടം ഉണ്ടായിട്ടുള്ളതായി കണക്കാക്കിയിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(ബി) ഇതിനകം എന്ത് തുക അനുവദിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(സി) അനുവദിച്ച തുകയിൽ ദുരിതം സംഭവിച്ച കുടുംബങ്ങൾക്ക് എന്ത് തുക അനുവദിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) 1999 മേയ്-ജൂൺ മാസങ്ങളിലുണ്ടായ കാലവർഷത്തിൽ 3 പേർ മരിച്ചു, 4 പേർക്ക് പരിക്ക് പറ്റി, 12 വീടുകൾ പൂർണ്ണമായി തകർന്നു, 237 വീടുകൾ ഭാഗികമായി തകർന്നു. വീടുകൾ തകർന്നതിലുണ്ടായ നഷ്ടം 9.41 ലക്ഷം രൂപയാണ്. ഇതുവരെയുണ്ടായ കൃഷിനാശം 99,94,800/-രൂപയുടേതാണ്.

(ബി) 25 ലക്ഷം രൂപ

(സി) തകർന്ന വീടുകളുടെ ഉടമസ്ഥർക്ക് 1,20,690/- രൂപ അനുവദിച്ചു നൽകി. മരണപ്പെട്ടവരുടെ ആശ്രിതർക്കും, പരിക്ക് പറ്റിയവർക്കും, ബാക്കി

LIBRARY ARCHIVES Kerala Legislative Assembly